# കേരളസർവകലാശാല

നം.പി.ആർ.95/2022

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ – പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി. ബോട്ടണി ആന്റ് ബയോടെക്നോളജി (247) കോഴ്സിന്റെ മെയ് 11, 12 തീയതികളിൽ മാവേലിക്കര ബിഷപ് മൂർ കോളേജിലും വടക്കേവിള എസ്.എൻ.സി.ടി.യിലും നടത്താൻ നിശ്ചയിച്ചിരുന്ന (കോർ) പ്രാക്ടിക്കൽ ബോട്ടണി പരീക്ഷ മെയ് 17 ന് നടത്തുന്നതാണ്. ബി.എസ്സി. ബയോടെക്നോളജി മൾട്ടിമേജർ (350) കോഴ്സിന്റെ മെയ് 13 ന് കായംകുളം എം.എസ്.എം. കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന (കോർ) പ്രാക്ടിക്കൽ ബോട്ടണി പരീക്ഷ മെയ് 17 ന് നടത്തുന്നതാണ്. ഈ കോളേജുകളിലെ പുതുക്കിയ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. മറ്റു പ്രാക്ടിക്കൽ പരീക്ഷകൾക്ക് മാറ്റമില്ല.

### പ്രോജക്ട്/വൈവ

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ആറാം സെമസ്റ്റർ ബി.കോം. കൊമേഴ്സ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് പരീക്ഷയുടെ പ്രോജക്ട്/വൈവ പരീക്ഷ മെയ് 16, 17 തീയതികളിൽ നടത്തുന്നതാണ്.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.എ. പബ്ലിക് അഡ്മിനിസ്ട്രേഷൻ (എസ്.ഡി.ഇ. – റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 & 2018 അഡ്മിഷൻ), ഡിസംബർ 2021 പ്രകാരമുള്ള പരീക്ഷയുടെ 2022 മാർച്ച് 30 ന് നടത്തിയ 'PADC 014 – Comprehensive Viva Voce'പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ പരീക്ഷ മെയ് 16 ന് കാര്യവട്ടം എസ്.ഡി.ഇ.യിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2022 മെയ് 23 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. (മെയ് 2022) ന്യൂ ജനറേഷൻ ഡബിൾ മെയിൻ ഡിഗ്രി പരീക്ഷകളുടെ (റെഗുലർ – 2020 അഡ്മിഷൻ) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
10.05.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**